LIBRARY ARCHIVES Kerala Legislative Assembly

കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ

82(2283) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് തീരുമാനം എടുത്തത്;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു;

(സി) സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി നടത്തിയ സാങ്കേതിക പഠനത്തിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ; സാങ്കേതിക പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നല്കുമോ?

ഉത്തരം

(എ-സി) കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ സാങ്കേതികപരമായ സാദ്ധ്യത (technical feasibility) സംബന്ധിച്ച് സാങ്കേതിക പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പ്രകാരം ഇവിടെ സബ്സ്റ്റേഷന്റെ ആവശ്യകത ഉടനെ ഇല്ലെന്നുകാണുന്നു. എന്നിരുന്നാലും പഠനത്തിൽ പരാമർശിച്ച പ്രകാരമുള്ള 2 MVA ശേഷിയുള്ള പോൾ മൗണ്ടഡ് (pole mounted) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് തയ്യാറാക്കിവരുന്നു. സാങ്കേതിക പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

വൈക്കം കല്ലറ 33 കെ.വി. സബ്സ്റ്റേഷൻ

83(2284) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ നിർമ്മാണോത്ഘാടനം കഴിഞ്ഞ കല്ലറ 33 KV സബ്സ്റ്റേഷന്റെ നിർമ്മാണ ജോലികൾ ഏതു ഘട്ടം വരെയെത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം എന്നത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.